# ഇബ്നു ഖുസൈമയുടെ യാത്രകൾ



**ഇബ്നു** ഖുസൈമ ഹി. മൂന്നാം നൂറ്റാണ്ടിൽ ജീവിച്ച പ്രഗത്ഭ ഹദീസ് പണ്ഡിതനാണ്. പതിനേഴാം വയസ്സിലാണ് ഹദീസ് പഠന-ശേഖരണത്തിനുവേണ്ടിയുള്ള യാത്ര അദ്ദേഹം ആരംഭിച്ചത്. ഹദീസ് പഠനം നടന്നിരുന്ന വിവിധ രാജ്യങ്ങളിലെ പ്രധാനകേന്ദ്രങ്ങളിലെല്ലാം അദ്ദേഹം അന്വേഷണയാത്രകൾ നടത്തി. നൈസാബൂർ, മർവ്, റയ്യ്, ശാം, ജസീറ, മിസ്ർ, വാസിത്, ബഗ്ദാദ്, ബസ്വറ, കൂഫ തുടങ്ങിയ പട്ടണങ്ങളിലെല്ലാം അദ്ദേഹം ചുറ്റി സഞ്ചരിച്ചു. അനേകം പണ്ഡിതന്മാരുമായി സന്ധിച്ചു. അവരുടെ ശിഷ്യത്വം സ്വീകരിച്ച് പഠനം നടത്തി, ഹദീസുകൾ ശേഖരിച്ചു. ഇബ്നുറാഹവൈഹി(നൈസാബൂർ) അലിയ്യുബ്നു മുഹമ്മദ് (മർവ്) മുഹമ്മദുബ്നു മഹ്റാൻ(റയ്യ്), മൂസബ്നു സഹൽ (ശാം), യൂനുസുബ്നു അബ്ദിൽ അഅ്‌ലാ(മിസ്വർ), മുഹമ്മദുബ്നു ഹർബ് (വാസിത്), മുഹമ്മദുബ്നു ഇസ്ഹാഖ് (ബഗ്ദാദ്), നസ്വ്റുബ്നു അലി (ബസ്വറ), അബൂകുറൈബുൽ ഹമദാനി (കൂഫ) എന്നിവരിൽനിന്നാണ് ഇബ്നു ഖുസൈമ പ്രധാനമായും ഹദീസുകൾ പഠിച്ചത്. ബുഖാരിയിൽനിന്നും മുസ്‌ലിമിൽനിന്നും അദ്ദേഹം ഹദീസുകൾ കേട്ടിട്ടുണ്ട്. ബുഖാരിയും മുസ്‌ലിമും അദ്ദേഹത്തിൽനിന്ന് ഹദീസുകൾ നിവേദനം ചെയ്തിട്ടുണ്ട്.

യാത്രാ സൗകര്യങ്ങൾ വളരെ പരിമിതമായിരുന്ന അക്കാലത്ത് ഇബ്നു ഖുസൈമയും മറ്റു പണ്ഡിതന്മാരും ഹദീസ് പഠന-ശേഖരണത്തിനുവേണ്ടി നടത്തിയിട്ടുള്ള യാത്രകൾ ചരിത്രത്തിൽ തുല്യതയില്ലാത്തതാണ്.

*ഇബ്നു ഖുസൈമയുടെ കൈയെഴുത്ത്*